"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കന്യാകുമാരി കേരള ഹൗസിന്റെ നവീകരണം-KIIDC(Kerala Irrigation Infrastructure Development Corporation)-ന് പ്രവൃത്തി ഏൽപിച്ച വിനോദസഞ്ചാര ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(എ) വകുപ്പ്**

സ.ഉ.(സാധാ) നം.268/2026/TSM തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-

1. 25.04.2023 തീയതിയിലെ സ.ഉ.(അച്ചടി) നം.42/2023/ധന നമ്പർ ഉത്തരവ്
2. 06.07.2024 തീയതിയിലെ സ.ഉ.(സാധാ) നം.310/2024/ടൂറിസം നമ്പർ ഉത്തരവ്
3. 15.10.2024 തീയതിയിലെ സ.ഉ.(സാധാ) നം.580/2024/ടൂറിസം നമ്പർ ഉത്തരവ്
4. 26.07.2025 തീയതിയിലെ സ.ഉ.(സാധാ) നം.463/2025/ടൂറിസം നമ്പർ ഉത്തരവ്
5. വിനോദസഞ്ചാര വകുപ്പ്ഡയറക്ടറുടെ 29.09.2025, 10.12.2025 തീയതികളിലെ DOT/8090/2023-HB3 നമ്പർ കത്തുകൾ

**ഉത്തരവ്**

കന്യാകുമാരി കേരള ഹൗസിന്റെ നവീകരണത്തിനായി, പരാമർശം(2) പ്രകാരം ₹ 6,50,00,000/-(ആറു കോടി അമ്പത് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, ടെൻഡർ ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ സെന്റേജ് രേഖപ്പെടുത്തിയ ഏജൻസിയായ KIIDC(Kerala Irrigation Infrastructure Development Corporation) ന് വർക്ക് ഓർഡർ നൽകിയെന്നും KIIDC ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരനെ തിരഞ്ഞെടുത്തു നവീകരണ പ്രവൃത്തികൾ ആരംഭിച്ചിരുന്നുവെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം(5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം(3) പ്രകാരം, പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി തുക ₹ 2,50,00,000/- ആയി പരിമിതപ്പെടുത്തിയിരുന്നു. ഭരണാനുമതി തുക പരിമിതപ്പെടുത്തിയതിനെ തുടർന്ന് കന്യാകുമാരി കേരള ഹൗസിന്റെ സമ്പൂർണ നവീകരണം സാധ്യമല്ലാത്തതിനാൽ, ശേഷിക്കുന്ന ₹4,00,00,000/- (നാലുകോടി രൂപ) രൂപയുടെ പ്രവൃത്തികൾക്കായി DSR 2021 അടിസ്ഥാനത്തിലുള്ള വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും, തുടർന്ന് പരാമർശം (4) പ്രകാരം ₹4,00,00,000/- (നാലുകോടി രൂപ) യുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു.

2. കന്യാകുമാരി കേരള ഹൗസ് നവീകരണ പ്രവൃത്തി ഏകദേശം 15% പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും KIIDC(Kerala Irrigation Infrastructure Development Corporation) നെ പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായി നിശ്ചയിക്കണമെന്നും വിനോദസഞ്ചാര വകുപ്പ്ഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പരാമർശം(1) പ്രകാരം, Kerala Irrigation Infrastructure Development Corporation (KIIDC)-നെ ജലസേചനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായുള്ള അക്രഡിറ്റഡ് ഏജൻസിയായാണ് അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ, ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, കന്യാകുമാരി കേരള ഹൗസ് നവീകരണ പ്രവൃത്തിക്കായി KIIDC-ന് പ്രവൃത്തി ഏൽപിച്ച വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(i) ₹ 2,50,00,000/- (രണ്ടുകോടി അമ്പത് ലക്ഷം രൂപ)യുടെ ഭരണാനുമതി പരിധിയിൽ Kerala Irrigation Infrastructure Development Corporation-നെ ഏൽപിച്ച പ്രവൃത്തികൾ, കരാർ വ്യവസ്ഥകൾ, സാങ്കേതിക മാനദണ്ഡങ്ങൾ, ഗുണനിലവാരം, അളവ് എന്നിവ പാലിച്ച് പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ii) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം മാത്രം നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ച് അനുയോജ്യമായ ടെൻഡർ നടപടികളിലൂടെ അവശേഷിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (വ്യയം-ബി) വകുപ്പ് [ 07.05.2026 തീയതിയിലെ 3367032/വ്യയം-ബി2/419/2025-ധന.]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ടൂർ-എ2/339/2025-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 30-05-2026 16:47:24
സെക്ഷൻ ഓഫീസർ

വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്